LIBRARY ARCHIVES Kerala Legislative Assembly

ആദിവാസി മേഖലയിലെ അവിവാഹിതരായ അമ്മമാർ

194(2184) പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസി മേഖലയിൽ അവിവാഹിതരായ അമ്മമാരുടെ എണ്ണം വർദ്ധിക്കുന്നതായ ആക്ഷേപത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ആദിവാസി മേഖലയിൽ സ്ത്രീകളെ ശാരീരികമായ പീഡനം ചെയ്യപ്പെടുന്നതിൽ നിന്നും സംരക്ഷണം നൽകുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) ആദിവാസികളെ പീഡനത്തിൽനിന്നും സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കേണ്ട അധികാരികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഡി) ആദിവാസി പെൺകുട്ടികളെ പുറത്തുനിന്നുള്ളവർ വിവാഹം ചെയ്ത് അവിടെ താമസിക്കുകയും പ്രദേശത്തെ മറ്റ് പെൺകുട്ടികളെ പീഡിപ്പിക്കുകയും ചെയ്യുന്നതായ വാർത്തകളിൽ അന്വേഷണം നടത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ആദിവാസി മേഖലയിൽ അവിവാഹിതരായ അമ്മമാരുടെ എണ്ണം വർദ്ധിച്ചിട്ടില്ല.

(ബി&സി) പട്ടികവർഗ്ഗക്കാർക്കെതിരായുള്ള അതിക്രമങ്ങൾ/പീഡനങ്ങൾ തടയുന്നതിനും അവർക്ക് ലഭ്യമാകുന്ന നിയമ പരിരക്ഷകൾ സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിനും ലീഗൽ സർവ്വീസ് സൊസൈറ്റി മുഖേനയും തദ്ദേശീയരായ അഭിഭാഷകരുടെയും പൊതുപ്രവർത്തകരുടേയും സഹകരണത്തോടുകൂടി നിയമബോധവൽക്കരണ സെമിനാറുകൾ നടത്താറുണ്ട്. ഇതുകൂടാതെ സ്ത്രീകൾക്കെതിരെയുള്ള പീഡനങ്ങളെപ്പറ്റി ബോധവൽക്കരണം നടത്തുന്നതിനായി സംസ്ഥാന വനിതാ കമ്മീഷൻ നടപടി സ്വീകരിക്കുന്നുണ്ട്. ആദിവാസി മേഖലയിലെ സ്ത്രീകളുടെ സംരക്ഷണം ഉറപ്പാക്കുന്നതിനും നിയമം നടപ്പിലാക്കുന്നതിനും ജില്ലാതലത്തിൽ വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റി ജില്ലാപോലീസ് മേധാവികളുടെ അദ്ധ്യക്ഷതയിൽ രൂപീകരിച്ചിട്ടുണ്ട്. ഇത് 3 മാസത്തിലൊരിക്കൽ

യോഗം ചേർന്ന് പ്രവർത്തനം വിലയിരുത്തിവരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാനതല വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റിയും കൂടാറുണ്ട്.

(ഡി) ഉണ്ട്. ഇത്തരം കേസുകളിൽ അതിക്രമങ്ങൾ തടയൽ നിയമം (1989) പ്രകാരം കേസ് രജിസ്റ്റർ ചെയ്തത് നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ആദിവാസി കോളനികളിലെ രോഗങ്ങൾ

195(2185) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആദിവാസി കോളനികളിൽനിന്നും ഗുരുതരമായ പല രോഗങ്ങളും റിപ്പോർട്ട് ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം കോളനികളിൽനിന്നും ഏതെല്ലാം രോഗങ്ങളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത് ;

(ബി) പ്രസ്തുത കോളനികളിൽനിന്നും രോഗങ്ങൾമൂലമുള്ള മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര മരണങ്ങൾ ഏതെല്ലാം കോളനികളിൽനിന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കോളനികളിൽ രോഗപരിചരണത്തിനും രോഗപ്രതിരോധത്തിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത കോളനികളിൽ ഏതെല്ലാം കോളനികളിലാണ് പ്രാക്തന ഗോത്രവർഗ്ഗ ക്ഷേമത്തിനായുള്ള കേന്ദ്ര ഫണ്ട് വിനിയോഗിച്ചത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. സുൽത്താൻ ബത്തേരി താലൂക്കിലെ പൂതാടി, പുൽപ്പള്ളി, സുൽത്താൻ ബത്തേരി, നൂൽപ്പുഴ എന്നീ പഞ്ചായത്തുകളിലെ വനമേഖലയിലുള്ള ചീയമ്പം, ദേവർഗദ്ദ, കാപ്പിപ്പാടി, വണ്ടിക്കടവ് കോളിമൂല, അണ്ണിമൂല, പൂതുവീട് എന്നീ കോളനികളിൽ നിന്നും മലപ്പുറം ജില്ലയിലെ മാഞ്ചീരി വാൾകെട്ടിമല കോളനിയിലും കരങ്ങുപനി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സിക്കിൾസെൽ അനീമിയ, ക്ഷയം, കാൻസർ തുടങ്ങിയ രോഗങ്ങൾ കോളനികളിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇടുക്കി ജില്ലയിലെ പട്ടികവർഗ്ഗക്കാർക്കിടയിൽ വദനാർബുദം ആണ് പ്രധാനമായും കണ്ടുവരുന്നത്. കണ്ണൂർ ജില്ലയിലെ ആറളം ഫാമിൽ നിന്ന് കശുവും, കൊട്ടിയൂർ പഞ്ചായത്തിലെ താഴെപാൽചുരം

LIBRARY ARCHIVES Kerala Legislative Assembly